## Saturday of the Raising of Lazar

By Rev. Fr. Jose Daniel Paitel. USA.

**Gospel: St. John.11: 1-45**

മശിഹാ സകലതും മുൻകൂട്ടി അറിയുന്നു. എന്നാൽ അതനുസരിച്ച് നമുക്കു് സംഭവിച്ചേക്കാവുന്ന ദുർവ്വിധികൾ തടയുന്നില്ല എന്നതാണു് ആത്മീയമായി ബല ഹീനരായ പലരുടേയും പിൻമാറ്റത്തിനു് കാരണമായി ആരോപിക്കുന്നതു്. പലരു ടേയും ദൈവവിശ്വാസം കുറയ്ക്കുന്നതിനും നിരാശ തോന്നുവാനും സാത്താൻ തന്റെ തന്ത്രങ്ങളിലൊന്നായി ഇതെടുത്തുപയോഗിക്കാറുണ്ടു്. യേശു മിക്കപ്പോഴും സന്ദർശിച്ചിട്ടുള്ള ഭവനത്തിലെ ഒരേയൊരു സഹോദരൻ, യേശുവിനു് സുഹൃത്താ യിരുന്ന വ്യക്തി, രോഗിയായി, മരണാസന്നനായി എന്നതു് മനസ്സിലാക്കിയതിനു ശേഷം നിദ്രപ്രാപിച്ചു. ഏകദേശം രണ്ടു് മൈൽ ദൂരത്തായിരുന്നിട്ടും വിദൂരത്തു നിന്നും ഓയാറിൽ വന്നെത്താവുന്ന മശിഹാ അപ്പോൾ എഴുന്നെള്ളിയില്ല. മാലാഖ മാരുടെ അസംഖ്യം സൈന്യങ്ങളുടെ നാഥൻ നാലാംദിവസം വന്നെത്തുന്നതിന്റെ ഉദ്ദേശം എന്തു്?. നീ വിശ്വസിച്ചാൽ ദൈവമഹത്വം കാണുമെന്നു് മാർത്തയോടു് പറയുന്നതിന്റെ ആന്തരാർഥമെന്തു്.? താൻ ലാസറിനെ ഉയിർപ്പിക്കണമെന്ന മുൻവിധിയോടെയാണു് വന്നതെന്നതു് സുനിശ്ചിതം.വിശ്വസിച്ചാൽ എന്നു് നിബ ന്ധന വച്ചതെന്തിനു്? കല്ലറ വാതില്ക്കൽനിന്നു് വാതില്ക്കല്ലു് നീക്കിച്ചു് മൃത ശരീരം കാണാതെ തന്നെ പുറത്തുനിന്നു കൊണ്ടു് മൃതനെ വിളിച്ചുയിർപ്പിക്കുന്ന സാഹസത്തിന്റെ സാരമെന്തു്. മശിഹാ തന്റെ പരസ്യശുശ്രൂഷയിൽ പലപ്പോഴും ആവർത്തിച്ചു് പഠിപ്പിച്ച മൃത്യുവിന്റെ ഘന ഗാംഭിര്യം എന്താണെന്നാണു് ആത്യന്തി കമായി നമ്മെ പഠിപ്പിക്കുന്നതു്."എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും,11:25"മരിച്ചു എന്നു് ആന്തരാത്മാവിൽ അറിഞ്ഞപ്പോൾ കൽപ്പിച്ചു. "നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങിപ്പോയി. നാം അവനെ ഉണർത്താൻ പോകുന്നു".St.John.11:11. "എന്റെ ശരീരം ഭക്ഷിയ്ക്കുകയും എന്റെ രക്തം കുടിയ്ക്കുകയും ചെയ്യുന്നവനു് നിത്യജീവനുണ്ടു്". യായീറോസിന്റെ മകൾ മരിച്ചിട്ടും "അവൾ ഉറങ്ങുന്നു" എന്നു് കല്പ്പിച്ച നാഥൻ, ലാസർ മരിച്ചപ്പോഴും ഉറങ്ങി പ്പോയി എന്നു് കല്പ്പിച്ച കർത്താവു്,തന്റെ ശിഷ്യന്മാരുടെ അജ്ഞതയകറ്റാനായി ലാസ്സർ മരിച്ചു

എന്നു് വ്യക്തമാക്കി.   മരണത്തിനു് കർത്താവു് വിവക്ഷിയ്ക്കുന്ന നാനാർത്ഥങ്ങൾ ഇന്നും പ്രസക്തമാണു്. എന്തു കൊണ്ടു് ഇപ്രകാരമുള്ള ഉയിർപ്പു് ഇന്നു്  സാദ്ധ്യമാകുന്നില്ല. ഈ ചോദ്യങ്ങൾ ക്രൈസ്തവവേദ ശാസ്ത്രത്തിൽ നിഗൂഢമായി ചർച്ചചെയ്യപ്പെട്ടിട്ടുള്ളവയാണു്.

 യേശുക്രിസ്തുവിന്റെ മനുഷ്യാവതാരമർമ്മമാണു് ലാസ്സറിന്റെ ഉയിർപ്പു് മുലം വെളിവാക്കപ്പെടുന്നതു്.  ലാസ്സറിന്റെ മരണം ശാരീരിക മരണമാണു്. ഇവിടെ ജഢംമാത്രമേ നിദ്രകൊള്ളുന്നുള്ളൂ. മശിഹാ ഉയിർത്തെഴുനേല്പ്പിക്കുന്ന ദൈവമാ കയാൽ  മശിഹായിൽ വിശ്വസിക്കുന്നവൻ ലൗകീകമരണം ഭയക്കേണ്ടതില്ല, അവനു് ലൗകീകമരണം ഒരു തല്ക്കാലികഅവസ്ഥ മാത്രമാണു്. തികച്ചും നൈമ ഷികമായ അവസ്ഥാന്തരത്തിലൂടെ നിത്യമായ മറ്റൊരു ജീവിതവ്യവസ്ഥയിലേ ക്കു് മാറ്റപ്പെടും എന്നതിനുള്ള ഉറപ്പാണു്  ലൗകീക മരണം. പരിശുദ്ധ സഭയുടെ വേദശാസ്ത്രം നിദ്രയെന്നു് ലൗകീക മരണത്തെ വിശേഷിപ്പിക്കുന്നതും അതുകൊ ണ്ടാണു്.

കർത്താവിന്റെ പരസ്യശുശ്രൂഷാക്കാലത്തു് അവിടുന്നു് കല്പ്പിച്ച പലതും,ഇരുപതു് നൂറ്റാണ്ടുകൾക്കു് ശേഷം ഉദ്ദേശലക്ഷ്യങ്ങൾക്കു് ഭേദം വരുത്തുന്ന വിധത്തിൽ വികലമാക്കപ്പെട്ടിട്ടുണ്ടു്.  തന്നേക്കുറിച്ചുള്ള അത്ഭുതങ്ങളിൽ ശ്രേഷ്ഠമായ ഒന്നു് ക്രൂശു മരണത്തിനു് ശേഷമുള്ള  തന്റെ ഉയിർപ്പാണു്. അതുപോലും വികലമാക്ക പ്പെട്ടിട്ടുണ്ടു്. അപ്പോൾ നിത്യജീവൻ എന്ന തന്റെ വാഗ്ദാനം ചോദ്യം ചെയ്യപ്പെടാ നുള്ള സാത്താന്റെ തന്ത്രങ്ങൾക്കു് സാദ്ധ്യതയുമേറെയാണു്. മരണം മൂലം പാപം നീങ്ങിപ്പോകുമെന്നാണു് യഹൂദവിശ്വാസം.  അതിനാലാണു് മരിച്ചുപോയവരേക്കു റിച്ചു് നന്മ മാത്രം പറയുകയും അവരുടെ ജീവിതകാലത്തു് സംഭവിച്ച തിന്മകളേ ക്കുറിച്ചു് മൗനമവലംബിക്കുകയും ചെയ്യുന്നതു്.

 യേശുക്രിസ്തു ജീവിച്ചിരുന്ന കാലത്തു് യഹൂദൻ മഹത്വം കല്പ്പിച്ചിരുന്ന പ്രവാചകനായിരുന്നു ഏലീയാ. യേശു ഏലീയാവിനേക്കാൾ വലിയവനോ എന്നു് അവർ ശങ്കിച്ചിരുന്നു. ഏലീയായും ഏലീശായും മൃതരെ ഉയിർപ്പിച്ചിട്ടുണ്ടു്. ഏലീശാ യുടെ  കല്ലറയിൽ സ്പർശിച്ച മൃതനും ഉയിർത്തെഴുന്നേറ്റിട്ടുണ്ടു്. മരിച്ചവരെ ഉയിർ പ്പിക്കുവാൻ കഴിയുന്നതിലെ പ്രശ്ശസ്തിയല്ല കർത്താവിന്റെ ഉദ്ദേശം. താൻ പ്രവൃ ത്തിക്കുന്നതിനു്

ദൂരവ്യാപകമായ ലക്ഷ്യങ്ങളുണ്ടു്. യേശുക്രിസ്തു ജീവന്റെ വചന ത്താലാണു് ഒരുവനെ ഉയിർപ്പിക്കുന്നതു്. ഏലീയായും ഏലീശായും ഉയിർപ്പിച്ചതു് അവരുടെ സ്വന്ത സിദ്ധികൊണ്ടായിരുന്നില്ല.അവർ പിതാവാം ദൈവത്തോടുള്ള തങ്ങളുടെ മദ്ധ്യസ്ഥതയാൽ ഒരു അത്ഭുതം പ്രവൃത്തിക്കുകയായിരുന്നു. ദൈവ വിശ്വാസം ചോദ്യം ചെയ്യപ്പെട്ടകാലത്തു്തന്റെ പ്രവാചകൻ അപേക്ഷിയ്ക്കുന്ന ഒരു അത്ഭുതം പിതാവാം ദൈവം സാദ്ധ്യമാക്കിക്കൊടുക്കുകയായിരുന്നു. ഏലീശാ തനിക്കു് തന്റെ ഗുരുവിനു് ലഭിച്ച ശക്തിയുടെ ഇരട്ടി ശക്തി ലഭിച്ചു എന്നു് തെളിയി ക്കുകയായിരുന്നു,.എന്നാൽ മശിഹാ തനിക്കു് പിതാവിൽ നിന്നുമുള്ള അധികാരം മൂലം താൻ സൃഷ്ടിയുടെ വചനമായ ദൈവമാണെന്നു് തെളിയിക്കുകയായിരുന്നു.

താൻ അനാദിയിലേയുള്ള ജീവന്റെ വചനമാകയാൽ സകല ജീവശ്വാസവും താൻമൂലം ഉളവായതു പോലെ തന്നെ ഉയിർപ്പും നിവൃത്തിക്കുകയായിരുന്നു. തന്റെ രണ്ടാമത്തെ വരവിൽ അവൻ നമ്മെ എപ്രകാരം ഉയിർപ്പിക്കും എന്നും തന്റെ മനുഷ്യാവതാരത്തിന്റെ മഹത്വം എന്തെന്നും ലോകത്തിനു് സാക്ഷ്യം നല്കുക യാണു് കർത്താവിന്റെ ലക്ഷ്യം. തന്റെ ജീവനുള്ള വചനം കല്ലറകളെ തുറക്കും. അതു് മരിച്ചവരെ ഉയിർപ്പിക്കും. മൃതർക്കു് ജീവൻ നല്കും. മണ്ണിൽ നിന്നും വീണ്ടെ ടുക്കും. ബന്ധിക്കപ്പെട്ടവരെ സ്വതന്ത്രരാക്കും. താൻ നമുക്കു് നല്കിയ എല്ലാ വാഗ്ദാനങ്ങളും പൂർണ്ണമായും നിറവേറ്റും. താൻ ലോകത്തെ വീണ്ടെടുക്കുവാനായി വീണ്ടും വരുമെന്ന വാഗ്ദാനമാണിനിയും നിറവേറാനുള്ള ഒരു വാഗ്ദാനം. അതു പൊലെ അവൻ നമ്മെ ന്യായവിധിയിൽ നിന്നും വീണ്ടെടുക്കും എന്നതും താൻ നിറവേറ്റും.ലാസ്സർ കല്ലറയ്ക്കുള്ളിൽ നാറ്റം വയ്ക്കുന്ന അവസ്ഥയിലായിരുന്നെ ങ്കിലും യേശുവിന്റെ ജീവിപ്പിക്കുന്ന വചനത്താൽ അവൻ പുനരുജ്ജീവിച്ചു. അതു പോലെ തന്നെ നാമും മശിഹായുടെ ജീവനുള്ള വചനത്താൽ കല്ലറകളിൽ നിന്നും മണ്ണും പൂഴിയുമായ അവസ്ഥയിൽ നിന്നും പുനരുജ്ജീവിക്കും. നശ്വര മൺ കൂടാരമായ നാം ആത്മീയമായ മരണം അല്ലെങ്കിൽ ദൈവീകമായ ജീവനില്ലായ്മ അനുഭവിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഉള്ളിൽ ദൈവീകാംശം തീരെ നഷ്ടപ്പെട്ടി രിക്കുന്നു. ഈ ദുസ്ഥിതി യേശുവിനു് നിശ്ചയമുണ്ടു്. അതിനാലാണു് അവൻ നമുക്കു വേണ്ടി മനുഷ്യാവതാരം ചെയ്യുകയും ക്രൂശിൽ പീഢാമരണം വഹിക്കുകയും ചെയ്തതു്. അവൻ

ക്രൂശിലെ മരണമവനനുഭവിക്കുമ്പോൾ നാം മരണത്തിൽ നിന്നും ജീവനിലേക്കു`പുനരുത്ഥാനം ചെയ്യും. സാത്താന്റെ ബന്ധനത്തിൽ നിന്നും സ്വതന്ത്രരാകുവാനുള്ള ശക്തി ദാനമായി നല്കുന്ന മശിഹായുടെ രക്തശരീരങ്ങൾ നമ്മുടെ ഉള്ളിൽ ജീവൻ നല്കിക്കൊണ്ടിരിക്കണം. അതു മൂലം നാം സാത്താനെ പരാജയപ്പെടുത്തി മശിഹായുടെ മനുഷ്യാവതാര മർമ്മത്തെ മഹത്വ പ്പെടുത്തണം.

പിതാവു് ചെയ്യുന്നതെല്ലാം പുത്രനും ചെയ്യാൻ തക്കവിധമുള്ള അധികാരം മനുഷ്യ പുത്രനും അവനിൽ നിന്നും ദത്തമായ അധികാരം തന്റെ ശ്ളീഹന്മാർക്കും നല്കി യിരുന്നല്ലോ. എന്നാൽ അവർക്കു് മരിച്ചവരെ ഉയിർപ്പിക്കുവാനുള്ള അവസര ങ്ങൾ തുടർന്നും ലഭിച്ചു കൊണ്ടിരുന്നില്ലല്ലോ. അതെന്തു കൊണ്ടു്. കർത്താവു് പ്രവൃത്തിക്കുന്നതെല്ലാം പ്രവൃത്തിക്കുവാനുള്ള അധികാരം ശ്ളീഹന്മാർക്കു് നല്ക പ്പെട്ടിരുന്നു. അതിൻ പ്രകാരം അവർ തബീഥായേയും എവുത്തിക്കോസിനേയും ഉയിർപ്പിക്കുകയും ചെയ്തു. മോർ ഗീവർഗീസ്സു് സഹദായും ഒരു വിധവയുടെ മകനെ ഉയിർപ്പിച്ചിട്ടുണ്ടു്. വ്യാപകമായി അപ്രകാരം ചെയ്യാനുള്ള തടസ്സം, ക്രിസ്തീയജീവിതം ഈ ലോകജീവിതത്തിൽ മാത്രം പരിമിതപ്പെടുത്തപ്പെട്ടതല്ലാ എന്നതാണു്. നാം കർത്താവിന്റെ വരവിൽ മഹത്വകാഹളം ധ്വനിക്കുമ്പോൾ ഉയിർത്താൽ മാത്രമേ അതുമൂലം മശിഹായുടെ മനുഷ്യാവതാരത്വത്തിനും, അതുമൂലം താൻ മഹത്വപ്പെടുത്തുന്ന തന്റെ പിതാവിന്റെ ദൈവത്വത്തിനും മഹത്വം ലഭിയ്ക്കുകയുള്ളൂ.

മരണമടഞ്ഞുടലഴുകിപ്പോയൊരു തൻ സ്നേഹിതനാം
ലാസ്സറിനെ ചെന്നുയർപ്പിച്ചോരെൻ കർത്താവേ നീ
പാപം മുലം മൃതനായഴുകിപ്പോയോരെന്നെ
മരണ സ്ഥിതിയിൽ നിന്നൻപോടുയർപ്പിക്കണമെ.